LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, റവന്യൂ വകുപ്പുമായി ആലോചിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ എവിടെയാണോ ഇത്തരത്തിൽ ഒരു കളിസ്ഥലവുമില്ലാത്തത് അങ്ങനെയുള്ള പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

IV സബ്മിഷൻ

(1) സൈബർ കുറ്റകൃത്യം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സംസ്ഥാനത്തെ ഓൺലൈൻ ക്ലാസ്സുകളിൽ സാമൂഹിക വിരുദ്ധർ നുഴഞ്ഞുകയറി സൈബർ കുറ്റകൃത്യം ചെയ്യുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ 2020 ജൂൺ മാസം മുതൽ ഡിജിറ്റൽ ക്ലാസ്സുകളും ഓൺലൈൻ ക്ലാസ്സുകളും രാജ്യത്തിനുതന്നെ മാതൃകയായി സംസ്ഥാനത്ത് നടത്തിവരികയാണ്. സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഡിജിറ്റൽ ഡിവൈസുകൾ ലഭ്യമാക്കിയും നെറ്റ്വർക്ക് പ്രൊവൈഡർമാരുടെ പ്രത്യേക യോഗം വിളിച്ചുചേർത്ത് നെറ്റ്വർക്ക് സംവിധാനം മെച്ചപ്പെടുത്തിയും മികവാർന്ന രീതിയിൽ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വളരെയേറെ ഗൗരവത്തോടെ ഇത്തരം ക്ലാസ്സുകളെയും പഠന പ്രവർത്തനങ്ങളെയും സമീപിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും വലിയ പ്രയാസമുണ്ടാക്കുന്ന സംഭവങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായിട്ടുള്ളത്. ഓൺലൈൻ ക്ലാസ്സുകളിൽ നുഴഞ്ഞുകയറി അനാവശ്യമായ കുഴപ്പങ്ങളുണ്ടാക്കുന്ന തെറ്റായ പ്രവണതകൾ ഈയിടെയായി ഉയർന്നുവരുന്നത് വലിയ ആശങ്കയുളവാക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഒൻപതാം തരത്തിലെ ഓൺലൈൻ ക്ലാസ്സിലും ഗ്രൂപ്പ് മീറ്റ് വഴി സംഘടിപ്പിച്ച താമരശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലെ ഓൺലൈൻ ക്ലാസ്സിലും ഇത്തരത്തിലുള്ള ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അദ്ധ്യാപകർ ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോഴാണ് വ്യാജ ഐ.ഡി. ഉപയോഗിച്ച് ഓൺലൈൻ ക്ലാസ്സുകളിൽ ഇടപെട്ട് അസഭ്യം പറയുകയും പഠിപ്പിക്കുന്ന അദ്ധ്യാപകരോട് മോശമായി സംസാരിക്കുകയും ചെയ്യുന്നത്. നെടുമ്പാശ്ശേരിയിലും ഇതേ സംഭവമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. വ്യാജ പേരുകളിൽ അക്കൗണ്ടുകളുണ്ടാക്കി ഓൺലൈൻ ക്ലാസ്സുകളിൽ നുഴഞ്ഞുകയറി അശ്ലീല സംഭാഷണങ്ങളും വീഡിയോകളും പോസ്റ്റ് ചെയ്യുന്ന ഗുരുതര കുറ്റകൃത്യങ്ങളും ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായി കൂടുതൽ സുരക്ഷിതമായ 'ജി-സ്യൂട്ട്' ഉപയോഗിക്കുന്നതിനുള്ള

നടപടികൾ വേഗത്തിലാക്കുന്നതിനോടൊപ്പം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ പോലീസ് നിരീക്ഷണത്തിൽ കൊണ്ടുവരുകയും ഓൺലൈൻ ക്ലാസ്സുകളിൽ നുഴഞ്ഞുകയറി സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച സബ്മിഷനിൽ ഉന്നയിച്ച കാര്യങ്ങൾ ആധുനിക കാലഘട്ടത്തിലെ വളരെയേറെ ഗൗരവമുള്ള പ്രശ്നങ്ങളാണ്. കോവിഡ് മഹാമാരിയുടെ വ്യാപനം തടയാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ഘട്ടത്തിൽ മറ്റേത് വിഭാഗത്തേക്കാളും ഒരുപക്ഷേ കൂടുതൽ ആഘാതമേറ്റത് ആഗോളതലത്തിൽത്തന്നെ കുട്ടികളുടെ പഠനത്തെയാണ്. ക്ലാസ് മുറികളിലെ പഠനത്തിന്റെ അഭാവത്തിലും കുട്ടികളുടെ പഠനത്തിൽ പോരായ്മയുണ്ടാകരുത് എന്നതിന്റെ അടിസ്ഥാനത്തിലുമാണ് ഓൺലൈൻ ക്ലാസ്സുകളാരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കേണ്ടിവന്നത്. ഇത്തരം ക്ലാസ്സുകളാരംഭിക്കുമ്പോൾ സ്വാഭാവികമായും എല്ലാവർക്കും ഈ സംവിധാനം ലഭ്യമാക്കുക എന്നത് ഒരു പ്രശ്നമായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടെ ഈ പരിമിതിയെ ഏറെക്കുറെ മറികടക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ക്ലാസ് മുറിവിട്ട് ഓൺലൈനിലൂടെ പഠനപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന തരത്തിൽ അദ്ധ്യാപക സമൂഹവും ഓൺലൈൻ സാദ്ധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന സ്ഥിതിവിശേഷമുണ്ടായി. ഇതിലൂടെ വിദ്യാലയത്തിന്റെ അനുഭവങ്ങൾ ഒരുപരിധിവരെയെങ്കിലും പങ്കുവയ്ക്കാൻ കഴിയുന്ന അവസ്ഥ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓൺലൈൻ പരീക്ഷകൾപോലും ഫലപ്രദമായി നടത്തുന്നതിന് സാധിച്ചു. കോവിഡ്-19 സൃഷ്ടിച്ച പരിമിതികളെ മറികടന്ന് പഠനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ബഹുജന പിന്തുണയോടെ സംസ്ഥാന സർക്കാർ പരിശ്രമിക്കുന്ന ഘട്ടത്തിലാണ് ബഹുമാനപ്പെട്ട അംഗം മൂണ്ടിക്കാണിച്ച തരത്തിലുള്ള സാമൂഹ്യവിരുദ്ധരുടെ കടന്നുകയറ്റമുണ്ടായിട്ടുള്ളത്. സൈബർ മേഖല ഏറെ നേട്ടങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അതുപയോഗിച്ച് കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനും കുട്ടികളെ വഴിതെറ്റിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും സാമൂഹ്യവിരുദ്ധർ നടത്തിവരികയാണ്. ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജ ഐ.ഡി. ഉപയോഗിച്ച് ഹാക്ക് ചെയ്യുക, കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളും അടങ്ങുന്ന ഗ്രൂപ്പുകളിൽ അശ്ലീല സംഭാഷണങ്ങളും വീഡിയോകളും അപ്ലോഡ് ചെയ്യുക എന്ന സ്ഥിതിയുണ്ടാകുന്നത് അത്തരം ഇടപെടലുകളുടെ ഭാഗമാണ്. പഴുതുകളടച്ചുള്ള സുരക്ഷയാണ് ഇക്കാര്യത്തിൽ വേണ്ടത്. എന്നാൽ പല പ്ലാറ്റ്ഫോമുകളും വിദേശനിർമ്മിതിയായതിനാൽ അവയുടെ നിയന്ത്രണത്തിന് പരിമിതിയുണ്ടെങ്കിലും ശക്തമായ നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഈ അദ്ധ്യയന വർഷം സംസ്ഥാനത്ത് ഇത്തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly